## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 964 05/02/2020-ലെ മറുപടിയ്ക്ക്**

## ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കുടിവെള്ള പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി. ഉണ്ണി** | | **ശ്രീ. കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| എ) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സ്വാൻ - ശ്രീകൃഷ്ണപുരത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി<br>2. NRDWP –കരിമ്പുഴ പഞ്ചായത്തിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതി<br>3. കിഫ്ബി-2016-17- അമ്പലപ്പാറ പഞ്ചായത്തിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതി<br>4. ഒറ്റപ്പാലം കുടിവെള്ള പദ്ധതി. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആരംഭിച്ച കുടിവെള്ള വിതരണ പ്രോജക്ടുകൾ ഏതെല്ലാം അതിനായി എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആരംഭിച്ച കുടിവെള്ള വിതരണ പദ്ധതികളും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കുടിവെള്ള വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ? | സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കുടിവെള്ള വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി സ്റ്റേറ്റ് പ്ലാൻ -2019-20 ൽ ഉൾപ്പെടുത്തി ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ 300 mm AC പൈപ്പ് മാറ്റി 300 mm DI K9 പൈപ്പ് സ്ഥാപിക്കുന്ന പ്രവർത്തിയ്ക്ക് 6.05 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതോടൊപ്പം SDF-MLA ൽ ഉൾപ്പെടുത്തി ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ 9-ആം വാർഡ് - കോലോത്തുകുന്നിലെ ചെറുകിട കുടിവെള്ള പദ്ധതിയുടെ പുനരുദ്ധാരണത്തിന് 2.72 ലക്ഷം രൂപയുടെ അനുമതിയും ലഭ്യമായിട്ടുണ്ട്.<br>കൂടാതെ അമ്പലപ്പാറ കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖല ഉൾപ്പെടുത്തിയ മൂന്നാം ഘട്ടത്തിനുവേണ്ടി 37.77 കോടി രൂപയുടെ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.<br>കൂടാതെ തച്ചനാട്ടുകര, അലനല്ലൂർ, കോട്ടോപ്പാടം പഞ്ചായത്തുകളിലേയ്ക്കുള്ള വിതരണ ശൃംഖല ഉൾപ്പെടുത്തിയ രണ്ടാം ഘട്ട പ്രവർത്തികൾക്കായി 142 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് സമർപ്പിക്കുന്നതിനായുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പര് | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തില്) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കിഫ്ബി- അമ്പലപ്പാറ പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഘട്ടം -1 | 1000 | പദ്ധതി 29.03.2019 ഇല് കമ്മീഷന് ചെയ്തു. |
| 2 | കിഫ്ബി- തച്ചനാട്ടുകര-അലനല്ലൂര്-കോട്ടോപാടം പഞ്ചായത്തുകള്ക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി | 2200 | പദ്ധതി പൂര്ത്തീകരിച്ചു. പവര് കണക്ഷന് ലഭ്യമാക്കുന്നതിനുള്ള നടപടികള് സ്വീകരിച്ചു വരുന്നു. |
| 3 | കിഫ്ബി- അമ്പലപ്പാറ പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഘട്ടം -2 | 1114 | പ്രവര്ത്തി പുരോഗമിച്ചു വരുന്നു. |
| 4 | സ്റ്റേറ്റ് പ്ലാന്-2019-20- ഒറ്റപ്പാലം മുനിസിപ്പാലിറ്റിലെ 300 mm AC പൈപ്പ് മാറ്റി 300 mm DI K9 പൈപ്പ് സ്ഥാപിക്കുന്ന പ്രവര്ത്തി | 605 | |
| 5 | SDF-MLA- ഒറ്റപ്പാലം മുനിസിപ്പാലിറ്റിലെ 9 ആം വാര്ഡ് -ലക്കിടി പേരൂര് ഗ്രാമപഞ്ചായത്ത് - കൊട്ടേക്കാടില് ഓപ്പണ് വെല് നിര്മ്മിക്കുന്ന പ്രവര്ത്തി | 6.25 | |
| 6 | SDF-MLA- ഒറ്റപ്പാലം മുനിസിപ്പാലിറ്റിലെ 9 ആം വാര്ഡ് - കോലോത്തുകുന്നിലെ ചെറുകിട കുടിവെള്ള പദ്ധതിയുടെ പുനരുദ്ധാരണം | 2.72 | |

Renuka Sankar
സെക്ഷന് ക്ലര്ക്ക്